പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2813 28-10-2026-ൽ മറുപടിയ്ക്ക്

മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ഭവന പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീമതി കെ. കെ. രമ

ശ്രീ. രമേഷ് പിഷാരടി

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) മത്സ്യത്തൊഴിലാളികളുടെ പാർപ്പിടപ്രശ്നത്തിന് പ്രത്യേക പരിഹാരം ലക്ഷ്യമിട്ടുള്ള ഭവനപദ്ധതിയുടെ പ്രവർത്തനം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

മറുപടി: മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നത്തിന് പ്രത്യേക പരിഹാരം ലക്ഷ്യമിട്ട് ഫിഷറീസ് വകുപ്പ് മുഖേന പ്രത്യേക ഭവന പദ്ധതി നടപ്പിലാക്കുന്നതും, നിലവിലെ ലൈഫ് ഭവന പദ്ധതിയിൽ നിന്നും മത്സ്യത്തൊഴിലാളികളെ ഒഴിവാക്കി കൂടുതൽ ആനുകൂല്യങ്ങളോടെ പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിലവിലെ ലൈഫ് ഭവന പദ്ധതിയിൽ നിന്ന് മത്സ്യത്തൊഴിലാളികളെ ഒഴിവാക്കി കൂടുതൽ ആനുകൂല്യങ്ങളോടെ പ്രത്യേക പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പദ്ധതിയുടെ രൂപരേഖ, ഗുണഭോക്താക്കളുടെ മാനദണ്ഡം, ധനസഹായം, ഭൂമിയില്ലാത്ത കുടുംബങ്ങൾക്കുള്ള പാക്കേജ് തുടങ്ങിയവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

മറുപടി: മത്സ്യത്തൊഴിലാളികൾക്കായുള്ള പുതിയ ഭവന പദ്ധതിയ്ക്കായുള്ള ശുപാർശ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ പദ്ധതി ശുപാർശയുമായി ബന്ധപ്പെട്ട് ചില കാര്യങ്ങളിൽ കൂടി വ്യക്തത വരുത്തി പുനർ സമർപ്പിക്കുവാൻ നിർദ്ദേശിച്ച പ്രകാരം പരിഷ്കരിച്ച പ്രൊപ്പോസൽ, പദ്ധതിയുടെ കരട് മാർഗരേഖ എന്നിവ തയ്യാറാക്കി ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ